# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**

പി.ആർ.ഒ./39/243/2018 2018 നവംബർ 14

## എം.ജി. വാർത്താക്കുറിപ്പ്

---

### ഫീസടയ്ക്കാനുള്ള തീയതി നീട്ടി

മൂന്നാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്‌ട്രോണിക്സ്, ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻ (2016 അഡ്മിഷൻ സപ്ലിമെന്ററി വിദ്യാർഥികൾക്ക് മാത്രം) പരീക്ഷകൾക്ക് ഓൺലൈനായി ഫീസടയ്ക്കാനുള്ള തീയതി നീട്ടി. പിഴയില്ലാതെ നവംബർ 21 വരെയും 500 രൂപ പിഴയോടെ 22 വരെയും 1000 രൂപ സൂപ്പർഫൈനോടെ 23 വരെയും ഫീസടയ്ക്കാം. പരീക്ഷ തീയതി പിന്നീട് അറിയിക്കും.

### പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.എഡ്. സ്‌പെഷൽ എജ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസെബിലിറ്റി ആന്റ് ലേണിംഗ് ഡിസെബിലിറ്റി - 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 16 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

### സി.ബി.സി.എസ്.എസ്. – യു.ജി. കേന്ദ്രീകൃത മൂല്യനിർണയം

2018 നവംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. - യു.ജി. പരീക്ഷയുടെ വിവിധ ഓപ്പൺ കോഴ്സ് വിഷയങ്ങളുടെ കേന്ദ്രീകൃത മൂല്യനിർണയം നവംബർ 17ന് സർവകലാശാലയുടെ എട്ട് സോണൽ ക്യാമ്പുകളിൽ നടക്കും. എല്ലാ കോളേജുകളിലെയും ഓപ്പൺ കോഴ്സ് പഠിപ്പിക്കുന്ന അധ്യാപകർ ബന്ധപ്പെട്ട മൂല്യനിർണയ ക്യാമ്പുകളിൽ ഹാജരാകണം.

### ബി.കോം. സൂക്ഷ്മപരിശോധന

2018 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ്. പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന നവംബർ 21, 22, 23 തീയതികളിൽ നടക്കും. അപേക്ഷകർ ഹാൾടിക്കറ്റ്/തിരിച്ചറിയൽ കാർഡ് സഹിതം സിൽവർ ജൂബിലി പരീക്ഷാഭവനിലെ റൂം നമ്പർ 226ൽ എത്തണം.

### രക്തഗ്രൂപ്പ്/ബി.എം.ഐ. നിർണയ ക്യാമ്പ് ഇന്ന് (നവംബർ 15)

രക്തഗ്രൂപ്പ് പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്‌മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെയും ബയോഫോറത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തുന്ന രക്തഗ്രൂപ്പ്/ബി.എം.ഐ. നിർണയക്യാമ്പ് ഇന്ന് (നവംബർ 15) രാവിലെ 10 മുതൽ നാലു വരെ സർവകലാശാല കാമ്പസിലെ അഷ്ടദളത്തിൽ നടക്കും. ക്യാമ്പിന്റെ പ്രചരണാർഥം വിദ്യാർഥികൾ ഫ്ളാഷ് മോബ് നടത്തി. വിശദവിവരത്തിന് ഫോൺ: 7510633930, 8086791279.

### പഠനവൈകല്യം തിരിച്ചറിയലും പരിഹാര ബോധനവും; രാജ്യാന്തര സെമിനാർ 22 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും സംയുക്തമായി 'പഠന വൈകല്യം: തിരിച്ചറിയലും പരിഹാര ബോധനവും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന രാജ്യാന്തര സെമിനാർ നവംബർ 22ന് ആരംഭിക്കും.

നവംബർ 22ന് രാവിലെ 10.30ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സെമിനാർ ഉദ്ഘാടനം ചെയ്യും. പഠനവൈകല്യമുള്ളവരിലെ വായന, രചന, ഗണിതം, പെരുമാറ്റം എന്നീ മേഖലകളിലെ ക്രമഭംഗങ്ങൾ, അവയ്ക്കുള്ള പരിഹാരബോധനം എന്നിവയിൽ പഠന ഗവേഷണം നടത്തിയ വിദഗ്ധർ പ്രബന്ധം അവതരിപ്പിക്കും. രജിസ്ട്രേഷനും വിവരങ്ങൾക്കും ഫോൺ: 9946226638.

## മഹാത്മാ ഗാന്ധി സർവകലാശാല

## യൂണിയൻ ഭാരവാഹികൾ ചുമതലയേറ്റു

മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ ഭാരവാഹികൾ ചുമതലയേറ്റു. സർവകലാശാല സെനറ്റ് ഹാളിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സർവകലാശാല യൂണിയൻ ചെയർമാൻ നിഖിൽ എസ്. നായർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് ജനറൽ സെക്രട്ടറി സായ് കൃഷ്ണയ്ക്കും മറ്റ് ഭാരവാഹികൾക്കും ചെയർമാൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ഡിപ്പാർട്ട്മെന്റ്സ് സ്റ്റുഡന്റ്സ് യൂണിയൻ ഭാരവാഹികളും സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. എൻ.കെ. നയനയ്ക്ക് വൈസ് ചാൻസലർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് ജനറൽ സെക്രട്ടറി എ.പി. പ്രശാന്തിനും മറ്റ് ഭാരവാഹികൾക്കും ചെയർമാൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, ഡി.എസ്.എസ്. ഡയറക്ടർ ഡോ. എം.കെ. ബിജു എന്നിവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ**

**(1) മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കുന്നു**

**(2) മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ്സ് സ്റ്റുഡന്റ്സ് യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കുന്നു**

**(3) മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ ചെയർമാൻ നിഖിൽ എസ്. നായർക്ക് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു**

## ഉദ്യോഗസ്ഥർക്കുള്ള ഏകദിന പരിശീലനം 22ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ധനകാര്യ ഭരണ വിഭാഗങ്ങളിലെയും പഠനവകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കായി നടത്തുന്ന ഏകദിന പരിശീലന പരിപാടി നവംബർ 22ന് നടക്കും. രാവിലെ 10 മുതൽ വൈകീട്ട് 4.45 വരെ സർവകലാശാലയിലെ സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിലാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ രാവിലെ 9.30ന് സെമിനാർ ഹാളിൽ ഹാജരാകണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ